പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823

12.03.2018-ൽ മറുപടിക്ക്

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എൻ.എ ഖാദർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കോഴിത്തീറ്റയ്ക്കും വളത്തിനുമായി ഉപയോഗിക്കുന്നതിനായി വൻതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിനാൽ കടലിലെ മത്സ്യ സമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട് |
| (ബി) | ഇത് കർശനമായി തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട് കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ നടപടി എടുത്തിട്ടു ണ്ട് 58 മത്സ്യ ഇനങ്ങളുടെ കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് കർശനമായി നിരോധിക്കുകയും ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾ ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പം കുറഞ്ഞ കണ്ണി വലിപ്പം എന്നിവ നിഷ്ക്കർഷിച്ചിട്ടു ണ്ട് കെ.എം.എഫ്.ആർ.എ യിൽ വരുത്തിയ ഭേദഗതിയ്ക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗ ണ്ട് ചെയ്യുകയും ചെയ്തു. കനത്ത പിഴ ഈടാക്കുന്നതിനാൽ ട്രോൾ വലകൾ, റിംഗ് വലകൾ എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടു ണ്ട് കൂടാതെ അനധികൃത മത്സ്യബന്ധനം, നിയമലംഘനം, പിഴ എന്നിവ സംബന്ധിച്ച് പത്ര മാധ്യമങ്ങളിലൂടെ വാർത്തകൾ നൽകുകയും മത്സ്യത്തൊഴി ലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവല്ക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യകുഞ്ഞു ങ്ങളെയും മുട്ടകളെയും പിടിക്കുന്നത് വഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെ യ്തുവരുന്നു ഇത്തരം നടപടികളിലൂടെ ചെറിയ കണ്ണിവലിപ്പമുള്ള റിംഗ് വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയാൻ കഴിഞ്ഞിട്ടു ണ്ട് |

| | | | |
|---|---|---|---|
| (സി) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ റാഞ്ചിംഗ് എന്ന പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതിയും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാൻ കൂടുകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യശോഷണം തടയുന്നതിന് മത്സ്യ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. അതുപോലെ മത്സ്യബന്ധന സമ്മർദ്ദം കുറയുന്നതിന് എഞ്ചിനുകളുടെ ശേഷി (കുതിരശക്തി) നിയന്ത്രിക്കുന്നതിനും വലകളുടെ വലിപ്പം, കണ്ണിവലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ